**B2/66/2021-CLAD**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന ജീവനക്കാരുടെ കാലാവധി 179 ദിവസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**329/2025/CLAD** തീയതി,തിരുവനന്തപുരം, **09-06-2025**

---

പരാമർശം:- 1. **20.01.2021** തീയതിയിലെ സ.ഉ.(എം.എസ്)നം. **02/2021**/സാം..കാ.വ നമ്പർ സർക്കാർ ഉത്തരവ്.

2. **15.04.2022** തീയതിയിലെ **66**/ബി**2/2021**-സാം.കാ.വ നമ്പർ സർക്കാർ കത്ത്.

3. മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ **29.04.2024** തീയതിയിലെ എം.ഇസഡ്(എ)**3648/2020** നമ്പർ കത്ത്.

**25.06.2024** തീയതിയിലെ

4. സ.ഉ(സാധാ)നം.**326/2024**/സാം.കാ.വ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ പരാമർശം (1) പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്യാലറി അറ്റൻഡന്റ്, സ്വീപ്പർ, ഗാർഡനർ, അറ്റൻഡർ ഗ്രേഡ് II, നൈറ്റ് വാച്ചർ എന്നീ 5 തസ്തികകൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ ഉത്തരവായിരുന്നു. ടി ദിവസവേതനക്കാരെ 179 ദിവസത്തേയ്ക്ക് നിയമിക്കുന്നതിനും, സേവനകാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടി ദിവസവേതനക്കാരുടെ സേവനം അവസാനിപ്പിക്കേണ്ടതാണെന്നും, പുതിയതായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സർക്കാർ അനുമതിയോടെ സ്വീകരിക്കേണ്ടതാണെന്നും പരാമർശം (2) പ്രകാരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിരുന്നു.

**2.** പരാമർശം (4) പ്രകാരം സേവനകാലാവധി ദീർഘിപ്പിച്ചു നൽകിയ കണ്ണൂർ ജില്ലയിലെ കൈത്തറി മ്യൂസിയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ നിന്നും നിയമനം നൽകിയവരുടെ 179 ദിവസത്തെ സേവന കാലാവധി 2024 ജൂലൈ

ആഗസ്റ്റ് എന്നീ മാസങ്ങളിൽ അവസാനിച്ച സാഹചര്യത്തിൽ ഒരു ദിവസത്തെ ബ്രേക്ക് നൽകി തുടർന്നും ടി ജീവനക്കാരുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കൈത്തറി മ്യൂസിയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് നിയമിതരായ ചുവടെ പറയുന്ന ജീവനക്കാരുടെ 2024 ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ അവസാനിച്ച സേവനകാലാവധി ദിവസവേതന/കരാർ ദിവസവേതനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുക്കൊണ്ടുള്ള 26/02/2016 ലെ സ.ഉ(പി) 28/2016/ധന, 28/04/2017 ലെ സ.ഉ(പി)നം.56/2017/ധന, 21/07/2018 ലെ സ.ഉ(പി)നം 112/2018/ധന, 09/07/2019 ലെ സ.ഉ(പി)നം. 81/2019/ധന, 11/02/2021 ലെ സ.ഉ(പി)നം 29/2021/ധന എന്നീ ഉത്തരവുകളിലെ പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, 179 ദിവസത്തേക്കും 22.01.2024 ന് വിടുതൽ ചെയ്ത ഗ്യാലറി അറ്റൻഡന്റ് ശ്രീമതി ഷെമി കെ.പി എന്നയാളുടെ സേവനകാലാവധി വിടുതൽ ചെയ്ത തീയതിവരെയും ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | കാലാവധി ദീർഘിപ്പിച്ചു നൽകുന്ന കാലയളവ് | |
|---|---|---|---|---|
| | | | **From** | **To** |
| 1 | ശ്രീമതി നിത്യ പി.വി | ഗ്യാലറി അറ്റൻഡന്റ് | 09.07.2024 | 03.01.2025 |
| 2 | ശ്രീമതി ഷാലിന എ | സ്വീപ്പർ | 09.07.2024 | 03.01.2025 |
| 3 | ശ്രീമതി പ്രമീള പി.കെ | ഗാർഡനർ | 11.07.2024 | 05.01.2025 |
| 4 | ശ്രീമതി രജിഷ പി.കെ | ഗ്യാലറി അറ്റൻഡന്റ് | 23.07.2024 | 17.01.2025 |
| 5 | ശ്രീമതി സിന്ധു വി വി | സ്വീപ്പർ | 29.08.2024 | 23.02.2025 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി. ആർ. ഡി
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 09-06-2025 17:28:44
സെക്ഷൻ ഓഫീസർ